നമ്പർ.ബി1/ഇ – 46713/റ്റിസി/18

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 09/05/2018

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഫിനാൻസ് ബിൽ 2014 — മോട്ടോർ ക്യാബുകളുടേയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടേയും - ബാക്കി നികുതി ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ജി.ഒ(പി) നം.13/2018/ട്രാൻസ് തീയതി 30/04/2018.
2. ഈ ഓഫീസിലെ 05/05/2018 ലെ ഇതേ നമ്പർ കത്ത്.

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം 01/04/2014 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ ക്യാബ്, ടൂറിസ്റ്റ് മോട്ടോർ ക്യാബ് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ 5 വർഷത്തെ നികുതി അടച്ചിട്ടുള്ളവർക്ക് ബാക്കി 10 വർഷത്തെ നികുതി അടയ്ക്കുന്നതിന് തവണകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏതെങ്കിലും ഒരു തവണയിൽ വീഴ്ച വരുത്തുന്നവർക്ക് തവണ വ്യവസ്ഥ നഷ്ടമാകുന്നതും അവരിൽ നിന്ന് ബാക്കി അടയ്ക്കേണ്ടതായിട്ടുള്ള മൊത്തം നികുതി തുക, 09/03/2017 മുതലുള്ള അഡീഷണൽ ടാക്സും, വാർഷിക പലിശയും ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്. സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്ന് നൽകിയ നിർദ്ദേശത്തിൽ തവണയിൽ വീഴ്ച വരുത്തുന്നവരിൽ നിന്ന് 10/05/2018 മുതലുള്ള അഡീഷണൽ ടാക്സും, വാർഷിക പലിശയും ഈടാക്കണം എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് തിരുത്തി 09/03/2017 മുതലുള്ള അഡീഷണൽ ടാക്സും, വാർഷിക പലിശയും എന്നാക്കി തിരുത്തി വായിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (നികുതി)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

മോട്ടോർ വാഹന വകുപ്പ്, കേരളം